പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4288

26/06/2014 - ൽ മറുപടിയ്ക്ക്

## ഓണത്തിനും ക്രിസ്തുമസ്സിനും സ്കൂൾ കുട്ടികൾക്ക് അരി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്ക് ഓണം, ക്രിസ്തുമസ് ആഘോഷങ്ങളുമായി ബന്ധപ്പെട്ട് അരി വിതരണം ചെയ്യുന്ന സംവിധാനം നിലവിലുണ്ടോ; | (എ) ഉണ്ട്. സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്ക് എല്ലാ ഓണക്കാലത്തും 5 കിലോ അരി വീതം വിതരണം ചെയ്യുന്ന സംവിധാനം നിലവിലുണ്ട് |
| (ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ വർഷങ്ങളിലും അപ്രകാരം അരി വിതരണം ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) എപ്പോഴെങ്കിലും അരി വിതരണം മുടങ്ങിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (സി) മുടങ്ങിയിട്ടില്ല |
| (ഡി) ഈ അദ്ധ്യയനവർഷം അരി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (ഡി) 2014 ഓണത്തിനു മുമ്പായി സ്പെഷ്യൽ അരി വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) എങ്കിൽ രണ്ട് ഘട്ടങ്ങളിലുമായി വിതരണം ചെയ്യുവാൻ എത്ര അരി വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ; | (ഇ) ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 26 ലക്ഷം കുട്ടികൾക്ക്, വരുന്ന ഓണക്കാലത്ത് കുട്ടി ഒന്നിന് 5. കി.ഗ്രാം. അരി വീതം നൽകാൻ ഏകദേശം 13,000 മെട്രിക് ടൺ അരി വേണ്ടിവരും. ഇതേ തോതിൽ ക്രിസ്തുമസിനും സ്പെഷ്യൽ അരി നൽകുകയാണെങ്കിൽ ആകെ 26,000 മെട്രിക് ടൺ അരി ആവശ്യമായി വരുന്നതാണ്. |
| (എഫ്) ഈ വർഷം അരിവിതരണം ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (എഫ്) 2014-15 ലെ ഓണക്കാലത്ത് 5 കിലോ അരി വീതം സ്പെഷ്യൽ ആയി നൽകാൻ നടപടി ആരംഭിച്ചിട്ടുണ്ട്. |

Sreedevi
സെക്ഷൻ ഓഫീസർ